# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1847 — 08.06.2018-ൽ മറുപടിക്ക്

### പുരാവസ്തു സംരക്ഷണത്തിനായി പദ്ധതികൾ

**ചോദ്യം**

ശ്രീ.കെ. കുഞ്ഞിരാമൻ
ശ്രീ. ഒ. ആർ. കേളു
ശ്രീ. കെ. ആൻസലൻ
ശ്രീമതി. വീണാ ജോർജ്ജ്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പുരാവസ്തു സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും നിർമ്മിതികളുടെയും സംരക്ഷണവും പഠനവുമാണ് പുരാവസ്തു വകുപ്പിന്റെ മുഖ്യ ചുമതലകൾ. പൊതുജനങ്ങൾക്ക് നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് മനസ്സിലാക്കാനും ബന്ധപ്പെട്ട ദൃശ്യങ്ങൾ കാണാനുമായി പുരാവശിഷ്ടങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള മ്യൂസിയങ്ങളും പുരാവസ്തു വകുപ്പ് തയ്യാറാക്കി പരിപാലിച്ചു വരുന്നു. നിലവിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം, നിലവിലുള്ള മ്യൂസിയങ്ങളുടെ സംരക്ഷണവും നവീകരണവും, ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം, സ്ട്രക്ച്ചറൽ കൺസർവേഷൻ, ഡോക്യുമെന്റേഷൻ തുടങ്ങിയ പ്രവർത്തനങ്ങളാണ് പുരാവസ്തു വകുപ്പ് പ്രധാനമായും ഏറ്റെടുത്ത് നടത്തി വരുന്നത്. പത്മനാഭപുരം കൊട്ടാരം, വയനാട് എടയ്ക്കൽ ഗുഹ എന്നിവ യുനെസ്കോയുടെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ച് വരുന്നു. ഇതിൽ പത്മനാഭപുരം കൊട്ടാരം യുനെസ്കോയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. സാംസ്കാരികപാരമ്പര്യം വിളിച്ചോതുന്ന പുരാവസ്തുക്കളുടേയും പൈതൃക ശേഷിപ്പുകളുടേയും സംരക്ഷണത്തിനും ആയവ ദൃശ്യവൽക്കരിക്കുന്നതിനും, ജനങ്ങളിൽ |

| | | | |
|---|---|---|---|
| | | | അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയും എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വകുപ്പിന്റെ ശേഖരത്തിലുള്ള നാണയങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |
| (ബി) | പുതുതലമുറയ്ക്ക് കേരളത്തിന്റെ പൈതൃകവും സംസ്കാരവും . അടുത്തറിയുന്നതിനായി വിപുലമായ ചരിത്രപഠന യാത്ര സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ചരിത്ര പഠന യാത്രകൾ പുരാവസ്തു വകുപ്പ് സംഘടിപ്പിച്ചിട്ടില്ല. എന്നാൽ ഇത്തരത്തിലുള്ള പഠന യാത്രകൾ പുരാരേഖാ വകുപ്പ് മുഖേന നടത്താറുണ്ട്. അതിലൂടെ പുതുതലമുറയ്ക്ക് കേരളത്തിന്റെ പൈതൃകവും സംസ്കാരവും തൊട്ടറിയുന്നതിന് സാധ്യമാകുന്നുണ്ട്. |
| (സി) | ജനങ്ങളിൽ പൈതൃക അവബോധം വളർത്തുന്നതിനായി എന്തെല്ലാം അവബോധ പരിപാടികളാണ് വകുപ്പ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) | ജനങ്ങളിൽ പൈതൃക അവബോധം സൃഷ്ടിക്കുന്നതിനും പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനുമായും കേരളത്തിനകത്തും പുറത്തും സാംസ്കാരിക പൈതൃകോത്സവങ്ങളും, സെമിനാറുകളും എക്സിബിഷനുകളും വകുപ്പ് സംഘടിപ്പിക്കാറുണ്ട്. മറുനാടൻ മലയാളികൾക്കായി 2017 ഒക്ടോബറിൽ ന്യൂഡൽഹിയിൽ നടന്ന കേരള ഡൽഹി സാംസ്കാരിക പൈതൃകോത്സ വത്തിൽ വകുപ്പ് സെമിനാർ, എക്സിബിഷൻ, കുട്ടികൾക്കായി പൈതൃക ക്വിസ് എന്നിവ സംഘടിപ്പിച്ചിരുന്നു. കൂടാതെ മലബാർ മേഖലയുടെ പൈതൃകവും, സാംസ്കാരികവും പുതുതലമുറയ്ക്ക് പകർന്ന് നൽകുക എന്ന ഉദ്ദേശത്തിൽ 2018 മാർച്ച് മാസത്തിൽ സംഘടിപ്പിക്കപ്പെട്ട മലബാർ പൈതൃകോത്സ വത്തിൽ വകുപ്പ് സെമിനാർ, എക്സിബിഷൻ എന്നിവ സംഘടിപ്പിക്കുകയും ചെയ്തു. കേരളത്തിലുടനീളം തെരഞ്ഞെടുക്ക പ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എക്സിബിഷൻ, സെമിനാർ, എന്നിവ സംഘടിപ്പിച്ച് വരികയും ചെയ്യുന്നു. സർക്കാരിന്റെ രണ്ടാം വാർഷികത്തോടനു ബന്ധിച്ച് കേരളത്തിലെ 8 ജില്ലകളിൽ വകുപ്പ് പ്രദർശനങ്ങളും, അവബോധ പരിപാടികളും സംഘടിപ്പിക്ക കയുണ്ടായി. ചരിത്ര സ്മാരകങ്ങളേയും, പുരാവസ്തുക്കളേയും സംബന്ധിച്ച് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കയും ചെയ്യുന്നുണ്ട്. |
| (ഡി) | പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**